# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.(പി.കെ.ഡി )പി17 /1114/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/09/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കേരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.(പി.കെ.ഡി )പി17/1114/25 തീയ്യതി: 19/09/2025

## പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-07-2024 മുതൽ 18-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി പി ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 19-06-2025 | 27-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-06-2025 | 27-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ബിജൂ ആന്റണി യു, ഓഡിറ്റ് ഓഫീസർ
കാർത്തിക പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
അസ്‌ലം എം എ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീബ സുനിൽ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി. രജനി കെ ആർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ദേവപ്രസാദ് പി എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 05-09-2024 |

| | | | |
|---|---|---|---|
| ശ്രീ. മുഹസിം മുനാവർ | അസിസ്റ്റന്റ് എഞ്ചിനിയർ | 06-09-2024 | 25-02-2025 |
| ശ്രീമതി. പ്രത്യുഷ ഉണ്ണി | അസിസ്റ്റന്റ് എഞ്ചിനിയർ | 26-02-2025 | 31-03-2025 |
| ശ്രീമതി. പ്രസന്നകുമാരി സി ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-10-2024 |
| ശ്രീമതി. ശ്രുതി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2024 | 31-03-2025 |
| ശ്രീമതി. നസീമ എം | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 01-04-2024 | 23-04-2024 |
| ശ്രീമതി. പ്രജി എ കെ | ഐ. സി. ഡി. എസ്. സൂപ്പർവൈസർ | 24-04-2024 | 31-03-2025 |
| ശ്രീമതി. ഭാഗ്യലക്ഷ്മി പി എസ് | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. ലത | മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി | 01-04-2024 | 31-03-2025 |
| ശ്രീമതി. ഷെറീന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-10-2024 |
| ശ്രീ. ശ്രീരാജ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-11-2024 | 31-03-2025 |
| ശ്രീമതി. അപർണ്ണ എസ് നായർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 29-01-2025 |
| ശ്രീമതി.റീജ പി വി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 30-01-2025 | 31-03-2025 |
| ശ്രീമതി. സുമതി | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ശാലിനി എസ് ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 04-09-2024 |
| ശ്രീമതി. സ്മിതാ സുധാകർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 05-09-2024 | 31-03-2025 |
| ശ്രീമതി. ദിവ്യ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 13-08-2024 |
| ശ്രീമതി. ശ്യാമിലി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-08-2024 | 31-03-2025 |
| ശ്രീമതി. രേവതി ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2024 | 16-01-2025 |
| ശ്രീ. മുകുന്ദകുമാർ | കൃഷി ഓഫീസർ | 17-01-2025 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എം ജി എൻ ആർ ഇ ജി എസ് - ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - യഥാർത്ഥ ചെലവ് രേഖപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല | 1-1-4 |
| 6 | ഹെൽത്ത് ഗ്രാന്റ് - വരവുകൾ അതാത് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ സംബന്ധിച്ച് | 1-11 |
| 17 | കാലഹരണപ്പെട്ട ചെക്ക് തുക സ്റ്റേൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-12 |
| 18 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-13 |
| 19 | കറവ പശുകൾക്ക് കാലിത്തീറ്റ (എസ്.സി.) - ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു | 1-14 |
| 20 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-15 |
| 21 | തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-16 |
| 22 | മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല | 1-17 |
| 23 | എസ്.സി. കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-18 |
| 24 | ഭരണ സമിതി യോഗ മിനുട്സ് തയ്യാറാക്കൽ - ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല | 1-19 |
| 25 | 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും 2025-26 ലെ ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-20 |
| 26 | ആയുർവേദ ആശുപത്രി ഇലക്ട്രിഫിക്കേഷൻ - നാളിതുവരെ ഇലക്ട്രിക്ക് കണക്ഷൻ ലഭിച്ചിട്ടില്ല | 1-21 |
| 27 | പഠനമുറി നിർമ്മാണം- പദ്ധതി പൂർത്തീകരിക്കേണ്ടതാണ് | 1-22 |
| 28 | വ്യക്തിഗത ശൗചാലയ നിർമ്മാണം (ജനറൽ)-നിർമ്മാണം നാളിതുവരെ പദ്ധതി പൂർത്തീകരിച്ചില്ല. | 1-23 |
| 29 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 1-24 |
| 30 | ഭവന പുനരുദ്ധാരണം എസ്.സി 2024-25 - പദ്ധതി പൂർത്തീകരിക്കേണ്ടതാണ് | 1-25 |
| 31 | രേഖകൾ , റജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. | 1-26 |
| 32 | വിനിയോഗ വിവരങ്ങൾ സമർപ്പിച്ചിട്ടില്ല. | 1-27 |
| 33 | മരാമത്ത് പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ സെലക്ഷൻ നോട്ടീസ് അയച്ചിട്ടില്ല. | 1-28 |
| 34 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അനുവദനീയമായ പരിധിയേക്കാളും നീട്ടി നൽകിയിരിക്കുന്നു. | 1-29 |
| 35 | എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കൽ - 'ജൽജീവൻ മിഷൻ പദ്ധതിയിലൂടെ' - അവലോകനം | 1-30 |
| 36 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-31 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കറവ പശുകൾക്ക് കാലിത്തീറ്റ (എസ്.സി.) - ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് - സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.04.2025 തീയതിയിലെ 1/1ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 24.04.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 19.09.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 എം ജി എൻ ആർ ഇ ജി എസ് - ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക

**പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല**

വാർഷിക കണക്കിൽ I&E പത്രികയിൽ എം ജി എൻ ആർ ഇ ജി എസിന്റെ ചെലവുകൾ മൊത്തത്തിൽ I-14(F) ൽ ഭരണ ചെലവുകളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്ന തുക പ്രത്യേകമായി I-14(C)യിൽ രേഖപ്പെടുത്തിയിട്ടില്ല. ഭരണച്ചെലവുകൾ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടുമില്ല.

### 1-1-2 മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - യഥാർത്ഥ ചെലവ് രേഖപ്പെടുത്തിയിട്ടില്ല

മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) - ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (I-6) 6426116 രൂപയും, സുലേഖ ചെലവ് പത്രിക പ്രകാരമുള്ള മെയിന്റനൻസ് ഫണ്ട് നോൺ റോഡിന്റെ യഥാർത്ഥ ചെലവ് 6515427 രൂപയുമാണ്. തൻവർഷം വിവിധ പദ്ധതികളിലായി മെയിന്റനൻസ് ഫണ്ട് നോൺ റോഡിൽ നിന്നും ചെലവഴിച്ച 89311 രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9187523 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -8788623 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-4 ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(e)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-1-5 ഹെൽത്ത് ഗ്രാന്റ് - വരവുകൾ അതാത് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല

RP-30 പ്രകാരം ഹെൽത്ത് ഗ്രാന്റിനായി പ്രത്യേക ശീർഷകം ഉണ്ടെങ്കിലും ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച വരവുകൾ എൻ.എച്ച്.എം. ശീർഷകത്തിലെ വരവായി എടുത്തിരിക്കുന്നു.

### 1-2 ബജറ്റ്

02.12.2016 ലെ സ.ഉ (സാധാ) നം. 3291/2016/തസ്വഭവ പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 31.01.2024ന് ചേർന്ന യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 06.02.2025ന് ചേർന്ന യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

ഭേദഗതി വരുത്തിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹755857 |
| തൻവർഷം വരവ് | ₹187525442 |
| ആകെ വരവ് | ₹188281299 |
| ചെലവ് | ₹184899607 |
| നീക്കിയിരിപ്പ് | ₹3381692 |

### 1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹6440180 |
| വരവ് | ₹39489218 |
| ആകെ | ₹45929398 |

| | |
|---|---|
| ചെലവ് | ₹30301695 |
| നീക്കിയിരിപ്പ് | ₹15627703 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖണ്ഡിക 1-4 ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 11356000 | 11356000 | 11356000 | 0 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 6322000 | 6322000 | 6304148 | 17852 |
| മെയ്ന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 23141000 | 23141000 | 958903 | 22182097 |
| മെയ്ന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 6536000 | 6536000 | 6426116 (In ACR - 6515427) | 109884 (In ACR - 20573) |
| ആകെ | 0 | 47355000 | 47355000 | 25045167 | 22309833 |

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| സി.എഫ്.സി- അൺ ടൈഡ് ഗ്രാന്റ് | 1431572 | 2127197 | 3558769 | 2572459 + 38 (Bank Charges) = 2572497 | 986272 |
| സി.എഫ്.സി- ടൈഡ് ഗ്രാന്റ് | 2766675 | 4537735 | 7304410 | 1813210 | 5491200 |

**കേന്ദ്രാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1653964 | 1533054 | 3187018 | 941010 | 2246008 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs) | 401629 | 8212 + 294231 (NHM Head To Health Grant Scheme 3) = 302443 | 704072 | 387785 | 316287 |
| ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres) | 47058 | 973 + 489380 (NHM Head To Health Grant Scheme 4) = 490353 | 537411 | 40740 + 9 (Bank Charges) = 40749 | 496662 |
| ബി ആർ ജി എഫ് | 1751 | 48 | 1799 | 0 | 1799 |

**സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 226300 | 66000 | 292300 | 105000 – 24000 (Sanitation And Waste Management (Individal)-Toilet Construction - PFMS Narration - For IHHL Amt Received In Treasury For P No 53/25) = 81000 | 211300 |
| ലൈഫ് മിഷൻ | 4036 | 4320000 | 4324036 | 2220000 | 2104036 |

**തൊഴിലുറപ്പു പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 299 | 734504 | 734803 | 734798 | 5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27219917 | 27219917 | 27219917 | 0 |
| കാപ്പിറ്റൽ കോൺട്രിബ്യൂഷൻ | | 3076721 | 3076721 | 3076721 | 0 |
| ആകെ | 299 | 27954421 | 27954720 | 27954715 | 5 |

**1-5 പദ്ധതി അവലോകനം**

**എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 127377420 | 113 | 39910832 | 0 | 43 | 72.44 |

**ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4637000 | 4 | 3724928 | 80.33 |
| വെറ്റിനറി സർജൻ | 7 | 1918918 | 7 | 496914 | 25.9 |
| മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 12 | 2849431 | 9 | 1991565 | 69.9 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 10000 | 1 | 4238 | 42.38 |
| മെഡിക്കൽ ഓഫീസർ - | 2 | 596000 | 2 | 589048 | 98.83 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| ഹെഡ് മാസ്റ്റർ | 4 | 324242 | 4 | 299899 | 92.49 |
| വി.ഇ.ഒ | 20 | 72702549 | 15 | 12962464 | 17.83 |
| ICDS സൂപ്പർ വൈസർ | 7 | 3744780 | 7 | 2961129 | 79.07 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 1969426 | 5 | 1569321 | 79.68 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 26 | 4856482 | 23 | 4322926 | 89.01 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 30796620 | 29 | 8974265 | 29.14 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 2971972 | 7 | 2014135 | 67.77 |
| ആകെ | 159 | 127377420 | 113 | 39910832 | 31.33 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 299 | 734504 | 734803 | 734798 | 5 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27219917 | 27219917 | 27219917 | 0 |
| കാപ്പിറ്റൽ കോൺട്രിബ്യൂഷൻ | | 3076721 | 3076721 | 3076721 | 0 |
| ആകെ | 299 | 27954421 | 27954720 | 27954715 | 5 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3028200 | 192 |
| 2 | വാർദ്ധക്യകാല പെൻഷൻ | 24608700 | 1760 |
| 3 | വികലാംഗ പെൻഷൻ | 2945600 | 184 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1637800 | 106 |
| 5 | വിധവാ പെൻഷൻ | 10567300 | 707 |
| 6 | വിധവകളുടെ പെൺമകൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-06-2025 തീയതി 3.00 PMന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2915/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2024-25 സാമ്പത്തിക വർഷം ആകെ അടങ്കലിന്റെ 31.33 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിൽ ലഭിച്ച 47355000 രൂപയിൽ 22309833 രൂപയും ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജിവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2008-09 മുതൽ 2012-13 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാനവശേഷിക്കുന്നില്ല.

**1-11 പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളുടെ ലൈസൻസ് വിവരങ്ങൾ സംബന്ധിച്ച്**

സഞ്ചയയിലെ ഡാറ്റ പ്രകാരം 738 കെട്ടിടങ്ങൾക്ക് വ്യാപാര വ്യവസായ ആവശ്യങ്ങൾക്കായി നമ്പർ അനുവദിച്ചിട്ടുണ്ടെങ്കിലും 289 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളുത്. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്. ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 24/26.06.2025) വാർഡ് ചുമതലയുള്ള ക്ലാർക്കുമാർ പരിശോധന നടത്തി ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളെ ലൈസൻസ് ഏടുപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-12 കാലഹരണപ്പെട്ട ചെക്ക് തുക സ്റ്റേൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.**

സ്ഥാപനം ഇഷ്യു ചെയ്ത് മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്. തനത് ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ:36285875391) 2025 മാർച്ച് മാസത്തെ റെകൺസിലിയേഷൻ പത്രിക പ്രകാരം 3300 രൂപയുടെ ചെക്ക് (Instrument Number & Date : 099252/25.08.2023) നൽകുകയും ആയത് മാറിയിട്ടില്ലാത്തതുമാണ്. ചെക്ക് മാറാനുള്ള കാലാവധി അവസാനിച്ച സാഹചര്യത്തിൽ Stale Cheque ശീർഷകത്തിലേക്ക് തുക മാറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/26.06.2025) K-SMART ൽ ആയതിനുള്ള സംവിധാനം വരുന്ന മുറയ്ക്ക് ആയത് സ്റ്റേൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിലേയ്ക്ക് ടി തുക മാറ്റി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി**

**<u>ഈടാക്കിയിട്ടില്ല</u>**

തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ എന്നിവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കേരളപഞ്ചായത്ത് രാജ്ആക്ട് സെക്ഷൻ 205 E,F പ്രകാരം തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ |
|---|---|---|---|
| 1 | ശ്രീലകം ഡെവലപ്പേഴ്സ് ബിൽഡേഴ്സ് & കൺസ്ട്രക്ഷൻസ് | 2 | 176 |
| 2 | സൈന & മിൽസ ബേക്കറി, ഹോം അപ്ലയൻസസ് | 3 | 185 |
| 3 | തനിഷ ഡിസൈൻ ഹബ്ബ് | 5 | 194 |
| 4 | ശ്രീപാറു ഫൈബർ ക്രാഫ്റ്റ്സ് | 2 | 202 |
| 5 | അമൽ നഴ്സറി | 3 | 208 |
| 6 | ഗ്രേസ് ഒപ്റ്റിക് സോൺ | 2 | 238 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/27.06.2025) തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് . പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**<u>1-14 കറവ പശുകൾക്ക് കാലിത്തീറ്റ (എസ്.സി.) - ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു</u>**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 85/25, കറവ പശുകൾക്ക് കാലിത്തീറ്റ (എസ്.സി.) |
| അടങ്കൽ | 534000 രൂപ (വികസന ഫണ്ട് (എസ്.സി.പി.) - 100000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 300000 രൂപ, മറ്റുള്ളവ – 134000 രൂപ) |
| ചെലവ് | 1. ബിൽ നം. 192/19.01.2025 – 100000 രൂപ<br>2. ബിൽ നം. 216/04.02.2025 – 87600 രൂപ<br>3. ബിൽ നം. 365/24.03.2025 – 21560 രൂപ<br>ആകെ - 209160 രൂപ. |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

പഞ്ചായത്തിലെ എസ്.സി. ക്ഷീര കർഷകരുടെ കറവ പശുകൾക്ക് കാലിത്തീറ്റ 75% സബ്സിഡി നിരക്കിൽ ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യലാണ് പദ്ധതി ലക്ഷ്യം. സബ്സിഡി തുക കിഴിച്ചുള്ള തുക ഗുണഭോക്തൃ വിഹിതമായി അടക്കേണ്ടതാണ്.

മിൽമയുടെ ഗോമതി ഗോൾഡ് കാലിത്തീറ്റയാണ് ഗുണഭോക്താക്കൾക്ക് ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./ തീയതി | മിൽമ ഇൻവോയ്സ് നം./തീയതി - തുക | ബിൽ പ്രകാരം അനുവദിച്ച തുക | 75% സബ്സിഡിയായി അനുവദിക്കേണ്ടിയിരുന്ന തുക | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| 192/19.01.2025 | 100400015273/ 30.12.2024 – 61320 രൂപ | 61320 രൂപ | 45990 രൂപ | 15330 രൂപ | കേരളശ്ശേരി ക്ഷീരസംഘത്തിലെ 21ഗുണഭോക്താക്കൾക്ക് 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| | 100400015272/ 30.12.2024 – 35040 രൂപ | 35040 രൂപ | 26280 രൂപ | 8760 രൂപ | കുണ്ടലശ്ശേരി ക്ഷീരസംഘത്തിലെ 12 ഗുണഭോക്താക്കൾക്ക് 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| | 100400015349/ 31.12.2024 – 8760 രൂപ | 3640 രൂപ | 6570 രൂപ | -2930 രൂപ | പാറശ്ശേരി ക്ഷീരസംഘത്തിലെ 3 ഗുണഭോക്താക്കൾക്ക് 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| 192/19.01.2025 | 100400017091/ 25.01.2025 – 61320 രൂപ | 52560 രൂപ | 45990 രൂപ | 6570 രൂപ (45990 – 39240) | കേരളശ്ശേരി ക്ഷീരസംഘത്തിലെ 21 ഗുണഭോക്താക്കൾക്ക് 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| | 100400017090/ 25.01.2025 – 35040 രൂപ | 35040 രൂപ | 26280 രൂപ | 8760 രൂപ | കുണ്ടലശ്ശേരി ക്ഷീരസംഘത്തിലെ 12 ഗുണഭോക്താക്കൾക്ക് 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| 365/24.03.2025 | 100400017028/ 24.01.2025 – 2920 രൂപ | 2920 രൂപ | 2190 രൂപ | 730 രൂപ | കല്ലങ്കാട് ക്ഷീരസംഘത്തിലെ 1 ഗുണഭോക്താവിന് 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| | 100400017394/ 30.01.2025 – | 8760 രൂപ | 6570 രൂപ | 2190 രൂപ | പാറശ്ശേരി ക്ഷീരസംഘത്തിലെ 3 |

| | | | | | |
|---|---|---|---|---|---|
| | 8760 രൂപ | | | | ഗുണഭോക്താക്കൾക്ക് 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| | 100400017092/ 25.01.2025 – 8760 രൂപ | 5500 രൂപ | 6570 രൂപ | -1070 രൂപ (5500 – 6570) | മണ്ണൂർ ക്ഷീരസംഘത്തിലെ 3 ഗുണഭോക്താക്കൾക്ക് 100 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| | 100400020035/ 14.03.2025 – 4380 രൂപ | 4380 രൂപ | 3285 രൂപ | 1095 രൂപ | മണ്ണൂർ ക്ഷീരസംഘത്തിലെ 3 ഗുണഭോക്താക്കൾക്ക് 50 കിലോ വീതം കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി വാങ്ങിയത്. |
| ആകെ | 226300 രൂപ | 209160 രൂപ | 169725 രൂപ | 39435 രൂപ | |

പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മിൽമയുടെ ഇൻവോയ്സ് പ്രകാരമുള്ള തുകയുടെ 75% മാണ് സബ്സിഡി തുകയായി അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ മേൽ ബില്ലുകൾ പ്രകാരം അനുവദനീയമായതിലും 39435 രൂപ കൂടുതൽ സബ്സിഡിയായി അനുവദിച്ചിരിക്കുന്നു.

2) ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം മിൽമയിലേയ്ക്ക് അടവാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/26.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

മിൽമയുടെ മേൽ ഇൻവോയ്സുകൾ പ്രകാരം അനുവദനീയമായതിലും 39435 രൂപ കൂടുതൽ സബ്സിഡിയായി അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ അധികമായി അനുവദിച്ച 39435 രൂപ നിരാകരിക്കുന്നു.

## 1-15 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളിൽ മുൻകൂർ നൽകിയത് ക്രമീകരിക്കുന്നതിന് അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | മുന്നിരിപ്പ് | തൻവർഷത്തെ മുൻകൂർ | ക്രമീകരിച്ച മുൻകൂർ | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | Other Advances | 67963 | 40000 | 15000 | 92963 |
| 2 | Advance To Mahatma Gandhi NREGA/AUEGS Administrative Expense | 797698 | 175133 | 679410 | 293421 |
| 3 | Advance To Others | 0 | 9600 | 0 | 9600 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഓ(പി) നം.419/11/ഫിൻ തീയതി 04.10.2011 എന്നിവ പ്രകാരം മുൻകൂർ നൽകിയ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/25.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പവരുത്തേണ്ടതും, ക്രമീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-16 തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 708094/- രൂപ കെ.എസ്.ഇ.ബി കോങ്ങാട്, പത്തിരിപ്പാല എന്നീ ഇലക്ട്രിക്കൽ സെക്ഷനിലായി അടവാക്കിയിട്ടുണ്ട്.

മാർച്ച് മാസത്തെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിന്റെ ഡിമാന്റ് പ്രകാരം കോങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിൽ തെരുവ് വിളക്കുകൾക്ക് 38 കൺസ്യൂമർ നമ്പറുകളും പത്തിരിപ്പാല ഇലക്ട്രിക്കൽ സെക്ഷനിൽ തെരുവ് വിളക്കുകൾക്ക് 16 കൺസ്യൂമർ നമ്പറുകളും ഉണ്ട്. ഇതിൽ കോങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിലെ കൺസ്യൂമർ നം. 1165237025502 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മാർച്ച് മാസം ആകെ 57278 രൂപ കെ എസ് ഇ ബിയിലേക്ക് അടവാക്കിയിട്ടുണ്ട്. ഇതിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുതാത്ത കൺസ്യൂമർ നം. 1165237025502 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മാത്രം 10423 രൂപ കെ എസ് ഇ ബി ഡിമാന്റ് ചെയ്തിട്ടുണ്ട്.

കൺസ്യൂമർ നം. 1165237025502 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/25.06.2025) തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി കാലിക്കമാക്കേണ്ടതും കൺസ്യൂമർ നം. 1165237025502 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വൈദ്യുത ചാർജിനത്തിൽ അധിക തുക ഈടാക്കുന്നത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള 2024-25 ലെ ഗുണഭോക്തൃ വിഹിതത്തിന്റെ വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | തൻവർഷത്തെ വരവ് | തൻവർഷത്തെ ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 20234 | 373224 | 357240 | 36218 |

ILGMS ലെഡ്ജർ പരിശോധിച്ചതിൽ തൻവർഷത്തെ ഗുണഭോക്തൃ വിഹിതത്തിൽ നിന്നും 357240 രൂപ വിവിധ പദ്ധതികളിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിച്ചതായി കാണുന്നില്ല. വിവിധ പദ്ധതികൾ പ്രകാരം പിരിക്കുന്ന ഗുണഭോക്തൃ വിഹിതം അതാത് സാമ്പത്തിക വർഷം ചെലവഴിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/25.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1) ഗുണഭോക്തൃ വിഹിതം ഈടാക്കി നടത്തുന്ന പദ്ധതികൾ അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പദ്ധതികൾ നടപ്പിലാക്കാതെ വർഷങ്ങളായി നീക്കിയിരിപ്പുള്ള ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയോ അല്ലെങ്കിൽ തുടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് ഗുണഭോക്തക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-18 എസ്.സി. കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല</u>**

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | 133/25, പട്ടത്ത് പാറ എസ്.സി കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ (സ്പിൽ ഓവർ) | 134/25, കുന്നത്ത് എസ്.സി കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | 150000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 150000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ബിൽ നം. 168/16.05.2024 – 53400 രൂപ | ബിൽ നം. 258/17.07.2024 – 53400 രൂപ |
| സർധാര എഞ്ചിൻ മാനുഫാക്ച്ചറിന്റെ ഇൻവോയ്സ് നം./ തീയതി | SEM-2533/23-24/17.03.2025 – 106800 രൂപ | |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

പട്ടത്ത് പാറ, കുന്നത്ത് എന്നീ എസ്.സി കുടിവെള്ള പദ്ധതികളിലെ കേടുവന്ന മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് മോട്ടോർ വാങ്ങി നൽകലാണ് പദ്ധതി ലക്ഷ്യം. ഗുണഭോക്തൃ സമിതിയുടെ അക്കൗണ്ട് ബാലൻസ് പരിശോധിച്ച ശേഷം മതിയായ തുക വിനിയോഗത്തിന് ഇല്ലാ എന്ന് ഉറപ്പ് വരുത്തി മാത്രം മോട്ടോർ വാങ്ങി നൽകാനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്യുന്നത്.

ഇതിനായി GeM മുഖേന ഗുജറത്തിലെ സർധാര എഞ്ചിൻ മാനുഫാക്ച്ചർ എന്ന സ്ഥാപനത്തിൽ നിന്നും ചേതകിന്റെ രണ്ട് 7.5HP/15Stg TP Premium സബ്മെർസിബിൾ മോട്ടോറുകൾ (സീരിയൽ നം. 14781LW & 15683BX) വാങ്ങിയിട്ടുണ്ട്.

പദ്ധതികളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള പദ്ധതികളിൽ പ്രസ്തുത സബ്മെർസിബിൾ മോട്ടോറുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ

റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. കുടിവെള്ള പദ്ധതികളിൽ ഉപയോഗിച്ചിരുന്ന പഴയ മോട്ടോറുകൾ ഉപയോഗയോഗ്യമല്ല എന്ന് തെളിയിക്കുന്ന രേഖകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പഴയ മോട്ടോറുകളുടെ നിലവിലെ സ്ഥിതി (ഉപയോഗിക്കുന്നുണ്ടോ/നടപടിക്രമങ്ങൾ പാലിച്ച് വിറ്റിട്ടുണ്ടോ) ഫയലിൽ നിന്നും അറിയാൻ സാധിക്കുന്നില്ല.

4. പദ്ധതി വിഭാവനം ചെയ്യുന്നതുപോലെ കുടിവെള്ള പദ്ധതികളുടെ ഗുണഭോക്തൃ സമിതികളുടെ അക്കൗണ്ട് ബാലൻസ് പരിശോധിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/25.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. കുടിവെള്ള പദ്ധതികളിൽ പ്രസ്തുത സബ്മെർസിബിൾ മോട്ടോറുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട്, കുടിവെള്ള പദ്ധതികളുടെ ഗുണഭോക്തൃ സമിതികളുടെ അക്കൗണ്ട് ബാലൻസ് വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. കുടിവെള്ള പദ്ധതികളിൽ ഉപയോഗിച്ചിരുന്ന പഴയ മോട്ടോറുകൾ ഉപയോഗയോഗ്യമല്ല എന്ന് തെളിയിക്കുന്ന രേഖകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3. പഴയ മോട്ടോറുകളുടെ നിലവിലെ സ്ഥിതി (ഉപയോഗിക്കുന്നുണ്ടോ/നടപടിക്രമങ്ങൾ പാലിച്ച് വിറ്റിട്ടുണ്ടോ) വിവരം അറിയിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ഭരണ സമിതി യോഗ മിനുട്സ് തയ്യാറാക്കൽ - ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗ വിവരം | യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ മിനിറ്റ്സ് അംഗീകരിച്ച തീയതി |
|---|---|---|---|
| ഭരണ സമിതി സാധാരണ യോഗം | 16.05.2024 | 26.07.2024 | 26.07.2024 |
| ഭരണ സമിതി സാധാരണ യോഗം | 12.06.2024 | 06.09.2024 | 03.10.2024 |
| ഭരണ സമിതി സാധാരണ | 22.07.2024 | 06.09.2024 | 06.09.2024 |

| | | | |
|---|---|---|---|
| യോഗം | | | |
| ഭരണ സമിതി സാധാരണ യോഗം | 25.09.2024 | 30.10.2024 | 30.10.2024 |
| ഭരണ സമിതി സാധാരണ യോഗം | 07.12.2024 | 01.02.2025 | 03.02.2025 |
| ഭരണ സമിതി സാധാരണ യോഗം | 17.02.2025 | 03.05.2025 | 03.05.2025 |
| ഭരണ സമിതി സാധാരണ യോഗം | 14.03.2025 | 03.06.2025 | 09.06.2025 |

17.02.2025, 14.03.2025 എന്നീ തീയതികളിലെ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തൻവർഷം കഴിഞ്ഞാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തയ്യാറാക്കി അംഗീകാരം വാങ്ങാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/25.06.2025) ഭാവിയിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ സമയബന്ധിതമായി സകർമ്മയിൽ ചേർക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചട്ട പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തയ്യാറാക്കി സകർമ്മയിൽ അംഗീകാരം വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-20 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും 2025-26 ലെ ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു**

2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും 2025-26 ലെ ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2024-25 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുകകൾ (ഭരണ സമിതി തീരുമാനം നം. 1(1)/06.02.2025) | 2025-26 ലെ ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 2024-25 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുകകൾ (ഭരണ സമിതി തീരുമാനം നം. 1(1)/10.02.2025) |
|---|---|---|
| മുന്നിരിപ്പ് | ₹755857 | ₹-2745759 |
| തൻവർഷം വരവ് | ₹187525442 | ₹187525442 |
| ആകെ വരവ് | ₹188281299 | ₹184779683 |
| ചെലവ് | ₹184899607 | ₹184899607 |
| നീക്കിയിരിപ്പ് | ₹3381692 | ₹-119924 |

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക അടിസ്ഥാനമാക്കി യഥാർത്ഥ കണക്കുകൾ, പദ്ധതി ചെലവുകൾ എന്നിവ കൂടുതൽ കൃത്യതയോടെ തയ്യാറാക്കി ബജറ്റ് ടൂളിൽ എൻട്രി വരുത്തിയ സമയത്തുണ്ടായ വ്യത്യാസമാണ് പ്രാരംഭ ബാക്കി ഉൾപ്പെടെയുള്ള തുകകളിലെ വ്യത്യാസത്തിന് കാരണമെന്നും ഭാവിയിൽ ഇത്തരം അപാകങ്ങൾ വരാതെ ബജറ്റ് തയ്യാറാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 18/25.06.2025) മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ പരിഷ്കരിച്ച ബജറ്റിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

**1-21 ആയുർവേദ ആശുപത്രി ഇലക്ട്രിഫിക്കേഷൻ - നാളിതുവരെ ഇലക്ട്രിക്ക് കണക്ഷൻ ലഭിച്ചിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 161/25, ആയുർവേദ ആശുപത്രി ഇലക്ട്രിഫിക്കേഷന് |
| അടങ്കൽ | 100000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | ബിൽ നം. 352/21.03.2025 – 98167 രൂപ |
| എം-ബുക്ക് നം. | 11/24-25 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ആയുർവേദ ആശുപത്രിയുടെ ഒന്നാം നിലയിൽ വയറിംഗ് നടത്തുന്നതിനും കെട്ടിടത്തിലേയ്ക്ക് വൈദ്യുതിലൈൻ വലിക്കുന്നതിനും കണക്ഷൻ എടുക്കുന്നതിന് കെ.എസ്.ഇ.ബിയിൽ അടവാക്കേണ്ട തുകയ്ക്കും വേണ്ടി ആവിഷ്ക്കരിച്ചതാണ് ഈ പ്രൊജക്ട്. പദ്ധതി നടത്തിപ്പിനായി ടെണ്ടർകൊണ്ട ശ്രീ. അരുൺ സി എസ്, പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ കോൺട്രാക്ടറുമായി 06.03.2025 ന് കരാർ ചമച്ചിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ 17.03.2025ന് പൂർത്തീകരിച്ചതായി എം-ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബിയിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

കെ.എസ്.ഇ.ബിയിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ കൺസ്യൂമർ നമ്പർ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/26.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയുർവേദ ആശുപത്രിയുടെ ഒന്നാം നിലയിലേയ്ക്ക് കെ.എസ്.ഇ.ബിയിൽ നന്നും വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ കൺസ്യൂമർ നമ്പർ ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-22 പഠനമുറി നിർമ്മാണം- പദ്ധതി പൂർത്തീകരിക്കേണ്ടതാണ്**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024 -25 സാമ്പത്തിക വർഷം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 105/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (സ്പിൽ ഓവർ) |
| അടങ്കൽ | 600000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 510000/- (വികസന ഫണ്ട് - എസ്.സി.പി) |
| ട്രഷറി ബിൽ നം. | 9/14-05-2024 – 60000/-<br>12/18-06-2024 – 90000/-<br>14/09-07-2024 – 120000/-<br>24/24-12-2024 – 240000/- |

പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾ മൂന്ന് ഗഡുക്കളായി 170000/- രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയുടെ വിവരം റിമാർക്സ് ആയി ചേർത്തിട്ടുണ്ട്.

| ക്രമ നം. | വാർഡ് | പേരും വിലാസവും | റിമാർക്സ് |
|---|---|---|---|
| 1 | 4 | അനീഷ.ഇ.എസ്,<br>D/O മിനിമോൾ,<br>ഏലംകുളം,<br>കുണ്ടളശ്ശേരി | ചുമർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് |
| 2 | 2 | അർജുൻ.വി.വി,<br>S/O വിജയൻ & സുമ,<br>വരാംകോട്, വടശ്ശേരി | മെയിൻ വാർപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. |
| 3 | 1 | സനോജ്കൃഷ്ണ.എം,<br>S/O പ്രേമകുമാരി.പി,<br>പറക്കുന്നത്ത് വീട്,<br>വടശ്ശേരി | മെയിൻ വാർപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം . 7/21-06-2025)

**1-23 വ്യക്തിഗത ശൗചാലയ നിർമ്മാണം (ജനറൽ)-നിർമ്മാണം നാളിതുവരെ പദ്ധതി പൂർത്തീകരിച്ചില്ല.**

| | |
|---|---|
| പ്രൊജക്ട് നം. | 53/25, വ്യക്തിഗത ശൗചാലയ നിർമ്മാണം (ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 780000/- |
| ചെലവ് | 210000/-<br>(ധനകാര്യ കമ്മിഷൻ അവാർഡ് - 120000 + കേന്ദ്രാവിഷ്കൃത ഫണ്ട് 90000 ) |
| Sanction Oredr | 337/30-12-2024- 66000/- |

| | |
|---|---|
| No., Date | 338/30-12-2024 – 44000/-<br>434/19-02-2025 – 4000/-<br>436/19-02-2025 – 4000/-<br>442/28-02-2025 – 4000/-<br>537/20-03-2025 -32000/-<br>538/20-03-2025 – 8000/-<br>571/26-03-2025 – 8000/-<br>572/26-03-2025 – 16000/-<br>573/26-03-2025 - 24000/- |

ഗുണഭോക്താക്കൾക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിനായി പരമാവധി 20000/- രൂപ വീതം അനുവദിക്കുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി നടപ്പാക്കിയതിന്റെ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ആകെ 16 ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുള്ളതിൽ രണ്ട് പേർ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. താഴെ പറയുന്ന വ്യക്തികൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | 13 | രാധാമണി, മരുതംകുണ്ട് | 14000 |
| 2 | 12 | വെള്ളച്ചി.കെ, കുണ്ടുപറമ്പ് | 14000 |
